(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.7/458/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം,ഫോൺ-0471-2331231
ഇ-മെയിൽ lfadtvm@yahoo.in

തീയതി: 18.03.2016

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

മണമ്പൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : മണമ്പൂർ ഗ്രാമപഞ്ചായത്ത് - 2013-14 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മണമ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2013-14 സാമ്പത്തിക വർഷത്തെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഒപ്പ്

**ഡെപ്യൂട്ടി ഡയറക്ടർ**

<u>പകർപ്പ് :</u>

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3) കാര്യാലയ പകർപ്പ്
4) സ്പെയർ

നം. കെ.എസ്.എ.റ്റി.വി.എം./ജി.പി.7/458/2016 തീയതി: 18.03.2016

# <u>തിരുവനന്തപുരം ജില്ലയിലെ മണമ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2013-14സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.</u>

(**1994** ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് **215(4)** , **1994** ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് **13, 1996**ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ **മണമ്പൂർ ഗ്രാമപഞ്ചായത്തിന്റെ** 2013-14 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്ത് 01.12.2014മുതൽ 09.02.2016 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ് , അവയുടെ ഒടുക്ക് , വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു .

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് . 16അന്വേഷണ ക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട് . ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത് . ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ് .

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത് . സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല .

**<u>(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>**

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ.മുരളീധരൻ നായർ.എസ് .ഡെപ്യൂട്ടി ഡയറക്ടർ

ഓഡിറ്റിന് വിനിയോഗിച്ച സമയം : 10-02-2016 മുതൽ 19-02-2016വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ : ശ്രീമതി ലിംനാബീഗം എം.എസ് , ഓഡിറ്റ് ഓഫീസർ

ശ്രീമതി .വാലന്റീന എം , അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.മുഹമ്മദ് സലിം എ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ .സുജേഷ് എസ് സീനിയർ ഗ്രേഡ് ഓഡിറ്റർ

**<u>(ബി)നിർവ്വഹണാധികാരികൾ</u>**

പ്രസിഡന്റ് ശ്രീ പി സുരേഷ് കുമാർ 01-04-2013 മുതൽ 31-03-2014 വരെ
സെക്രട്ടറി ശ്രീമതി കുമാരി പത്മാവതി 01-04-2013 മുതൽ 28-04-2013 വരെ

ശ്രീമതി ബി എസ് ഗീത 29-04-2013 മുതൽ 31-03-2014 വരെ

**നിർവ്വഹണ ഉദ്യോഗസ്ഥർ**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എൻജിനീയർ | ശ്രീ അരുൺ എസ് | 01-04-2013 മുതൽ 31-03-2014 വരെ |
| മെഡിക്കൽആഫീസർ (PHC) | ഡോ.ഷീലകുമാരി | 01-04-2013 മുതൽ 31-03-2014 വരെ |
| മെഡിക്കൽആഫീസർ (ആയുർവ്വേദം) | ഡോ.ഷംസുദ്ദീൻ<br>ഡോ.ശിവകുമാരി | 01-04-2013 മുതൽ 22-05-2014 വരെ<br>23-05-2013 മുതൽ 31-05.2014 വരെ |
| വെറ്ററിനറി സർജൻ | ഡോ.ജയചന്ദ്രൻ<br>ഡോ.ശ്രീദേവി | 01-04-2013 മുതൽ 30-10-2013 വരെ<br>31-10-2013 മുതൽ 31-03-2014 വരെ |
| ഐ.സി .ഡി .എസ് . സൂപ്പർ വൈസർ | ശ്രീമതി.ഗിരിജകുമാരി | 01-04-2013 മുതൽ 31-03-2014 വരെ |
| വി.ഇ.ഒ. | ശ്രീമതി ഷജീറ എം | 01-04-2013 മുതൽ 31-03-2014 വരെ |
| കൃഷി ഓഫീസർ | ശ്രീമതി റീജ ധരൻ | 01-04-2013 മുതൽ 31-03-2014 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ ഇസ്ഹാക്ക് | 01-04-2013 മുതൽ 31-03-2014 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ അൻസാരി | 29.04..2013 മുതൽ 31.03.2014 വരെ |

**ഉള്ളടക്കം**


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബഡ്ജറ്റ് | 1-1 | 5 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | 5 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | 6 |
| 4 | സാമ്പത്തിക വിശകലനം | 1-4 | 6 |
| 5 | ഫണ്ട് വിനിയോഗം | 1-5 | 6 |
| 6 | പദ്ധതി അവലോകനം. | 1-6 | 7 |
| 7 | തനത് വരുമാനം. | 1-7 | 7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 | 8 |

| | | | |
|---|---|---|---|
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | 9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | 9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | 10 |
| | ഭാഗം 2 | | |
| 12 | പരസ്യനികുതി ഈടാക്കുന്നില്ല. | 2-1 | 10 |
| | ഭാഗം 3 | | |
| 13 | സ്ട്രീറ്റ് മെയിൻ ലൈൻ വലിക്കൽ പ്രോജക്ടുകൾ - ലക്ഷ്യം കൈവരിച്ചില്ല | 3-1 | 11 |
| 14 | പട്ടികജാതി വികസന വകുപ്പിൽ നിന്നും ലഭിച്ച കുടിവെള്ള പദ്ധതിപ്പണം നിഷ്ക്രിയം | 3-2 | 12 |
| 15 | കാടുവെട്ടുയന്ത്രം വാങ്ങൽ - പ്രോജക്ട് നിർദേശം പാലിച്ചില്ല | 3-3 | 12 |
| 16 | മൃഗാശുപത്രിക്ക് ഷീറ്റിടൽ - ചെയ്യാത്ത പ്രവൃത്തികൾക്ക് തുക അനുവദിച്ചു- സ്ഥലപരിശോധനയെ തുടർന്ന് പ്രവൃത്തി പൂർത്തീകരിച്ചു | 3-4 | 13 |
| 17 | അംഗണവാടി കെട്ടിട വൈദ്യുതീകരണം - ദീർഘവീക്ഷണ മില്ലായ്മമൂലം പദ്ധതി ലക്ഷ്യം കണ്ടില്ല | 3-5 | 14 |
| 18 | ഗുണഭോക്തൃസമിതി മാർഗ്ഗരേഖയ്ക്ക് അനുസൃതമായി പൊതുമരാമത്ത് പ്രവൃത്തികൾ പൂർത്തിയാക്കുന്നില്ല | 3-6 | 15 |
| 19 | മരാമത്ത് പ്രവൃത്തികൾ - പൊതു അപാകതകൾ | 3-7 | 16 |
| 20 | വേനൽക്കാല കുടിവെള്ള വിതരണം - തുടരന്വേഷണം അനിവാര്യം | 3-8 | 17 |
| 21 | വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനം തൃപ്തികരമല്ല | 3-9 | 18 |
| 22 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി -അവലോകനം. | 3-10 | 18 |
| 23 | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ക്ഷേമ പെൻഷൻ വിതരണം സംബന്ധിച്ച പ്രത്യേക അവലോകനം (01.02.2015 മുതൽ 15.02.2016 വരെ ) | 3-11 | 19 |
| 24 | വിഷയാധിഷ്ഠിത അവലോകനം -തനത് വരുമാനം | 3-12 | 21 |
| | ഭാഗം 4 | | |
| 24 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | 24 |
| 25 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | 24 |
| 26 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | 24 |
| 27 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | 25 |
| 28 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | 25 |
| 29 | ഓഡിറ്റ് റിക്കവറി | 4-6 | 25 |

| | | | |
|---|---|---|---|
| 30 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | 25 |
| 31 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | 26 |
| 32 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | 27 |



# ഭാഗം -1

## പൊതു അവലോകനം

## പൊതു അവലോകനം

## 1-1 ബഡ്ജറ്റ്

2013-14 വർഷത്തെ ബജറ്റ് 21.03.2013 തീയതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. മുന്നിരിപ്പ് ഉൾപ്പെടെ 11,94,66,000/- രൂപ വരവും 11,00,67,000/-രൂപ ചെലവും 93,99,000/- രൂപ നീക്കിയിരിപ്പുമാണ് പ്രതീക്ഷിച്ചിരുന്നത്. എന്നാൽ റസീപ്റ്റ് ആന്റ് പേമെന്റ് പത്രിക പ്രകാരമുള്ള വരവ് മുന്നിരിപ്പുൾപ്പെടെ 7,59,38,191/-രൂപയും ചെലവ് 6,04,10,685/-രൂപയുമാണ്.

ബഡ്ജറ്റ് പ്രകാരമുള്ള വരവ്-ചെലവ് കണക്കുകളും, യഥാർത്ഥ വരവ്-ചെലവും തമ്മിൽ അന്തരം നിലനിൽക്കുന്നുണ്ട്. ഭാവിയിൽ ബഡ്ജറ്റ് തയ്യാറാക്കുമ്പോൾ, ഇപ്രകാരമുള്ള അന്തരം ഒഴിവാക്കാൻ പരമാവധി ശ്രദ്ധിക്കേണ്ടതാണ്.

27.02.2015-ലെ സ.ഉ (എം.എസ്) നം.40/2015/ത.സ്വ.ഭ.വ നിലവിൽ വരുന്നതു വരെ ഏകീകൃത ബഡ്ജറ്റ് ഫോർമാറ്റ് നിലവിൽ ഇല്ലായിരുന്നുവെന്നതിനാൽ തൻ വർഷം ബഡ്ജറ്റ് ഫങ്ഷണറി അടിസ്ഥാനത്തിൽ തയ്യാറാക്കാൻ കഴിഞ്ഞിട്ടില്ല. സർക്കാർ ഉത്തരവിന ശേഷം 2014-15 ബഡ്ജറ്റ് ഫങ്ഷണറി അടിസ്ഥാനത്തിൽ പുതുക്കുകയും, 2015-16-ലെ ബഡ്ജറ്റ് ഫങ്ഷണറി അടിസ്ഥാനത്തിൽത്തന്നെ തയ്യാറാക്കി വരുന്നതായും സ്ഥാപനാധികൃതർ അറിയിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2014 | 31-05-2014 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2013-14 | 10.07.2014 | എൽ.എഫ്.റ്റി.ഡി.എഫ്-1/1001/2014 (8) തീയതി 29-09-2014 |

2013-14-ലെ വാർഷിക ധനകാര്യപത്രികയിന്മേൽ ന്യൂനതകൾ ഇല്ലാത്ത സാക്ഷ്യപത്രമാണ് പുറപ്പെടുവിച്ചിട്ടുള്ളത്.

## 1-4 സാമ്പത്തിക വിശകലനം (റസീറ്റ് & പേയ്മെന്റ് പ്രകാരം)

മുന്നിരിപ്പ് - 2,50,16,595/-

വരവ് - 5,09,21,596/-

ആകെ - 7,59,38,191/-

ചെലവ് - 6,04,10,685/-

നീക്കിയിരിപ്പ് - 1,55,27,506/-

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതു വിഭാഗം | 38737 | 7302000 | 7340737 | 6586227 | 754510 | 89.71 |

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട് എസ്.സി.പി. | 4945442 | 5989000 | 10934442 | 9156911 | 1777531 | 83.74 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 | - |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 2763618 | 6072000 | 8835618 | 8751937 | 83681 | 99.05 |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 2251103 | 2007000 | 4258103 | 3405994 | 852109 | 79.98 |
| 13-)ഠധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1899247 | 4412806 | 6312053 | 5938781 | 373272 | 94.08 |
| പെർഫോമൻസ് ഗ്രാന്റ് | 2274815 | 2537000 | 4811815 | 4218639 | 593176 | 79.98 |
| എം.എൻ.ആർ . ഇ. ജി.എസ് | 318468 | 663828 | 982296 | 973043 | 9253 | 99.05 |
| ബി ഫണ്ട് | 0 | 11462374 | 11462374 | 11462374 | 0 | 100 |
| ഐ.സി.ഡി.എസ് കേന്ദ്ര വിഹിതം | 195514 | 366878 | 562392 | 259094 | 303298 | 46,07 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 3422341 | 5543878 | 8966219 | 3487621 | 5478598 | 38.89 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 141 | 55398388 | 120 | 43215277 | 0 | 2 | 85 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ ഒന്നുമില്ല.

ഫണ്ടിന്റെ ലഭ്യത ഉറപ്പാക്കിയും പ്രാഥമിക പഠനം നടത്തിയും പ്രായോഗികമായി നടപ്പിലാക്കാൻ കഴിയുന്ന പദ്ധതികൾക്ക് പ്രഥമ പരിഗണന നൽകേണ്ടതും, അംഗീകാരം ലഭ്യമാകുന്ന എല്ലാ പ്രോജക്ടുകളും സമയബന്ധിതമായി പൂർത്തിയാക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതുമാണ്.

## 1-7 തനത് വരുമാനം.

സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 22.65ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 1512174 | 1993116 | 480942 | (+)31.8 |
| നികുതിയേതര വരവുകൾ | 219301 | 322980 | 103679 | (+)47.28 |

| | | | | |
|---|---|---|---|---|
| മറ്റു വരവുകൾ | 4677220 | 5543878 | 866658 | (+)18.53 |
| **ആകെ** | **6408695** | **7859974** | **1451279** | **(+) 22.65** |

ഗ്രാമപഞ്ചായത്തിന് ലഭ്യമാകേണ്ട നികുതി വരുമാനങ്ങൾ കൃത്യമായി നിർണയിച്ച് ഈടാക്കുന്നതിന് അധികൃതർ ശ്രദ്ധിച്ചിട്ടുണ്ട്.

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 208920 | 291 |
| കർഷകതൊഴിലാളി പെൻഷൻ | 1107360 | 231 |
| വിധവാപെൻഷൻ | 5836534 | 965 |
| വാർദ്ധക്യകാലപെൻഷൻ | 2341494 | 432 |
| വികലാംഗപെൻഷൻ | 1709463 | 259 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 60000 | 6 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകളുടെ പെൻഷൻ | 99605 | 15 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6 (4)-) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.02.2016 രാവിലെ 10.30-ന് സ്ഥാപനതലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 30,203/-രൂപ ക്യാഷ് ബാലൻസിന്റെ/ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

ആസ്തികളുടെ വിശദാംശങ്ങൾ നിർദ്ദിഷ്ട മാതൃകയിൽ തയ്യാറാക്കി സൂക്ഷിക്കേണ്ടതും ഇ- കോപ്പി 2012 ജനവരി 30-നകം ഐ കെ എം-ന് അയച്ചുകൊടുക്കേണ്ടതുമാണെന്ന് ജി.ഒ (പി) 59/2012/ത സ്വ ഭ വ തീയതി - 06.01.2012-ൽ നിർദ്ദേശിച്ചിരുന്നെങ്കിലും ആയത് പാലിച്ചിട്ടില്ല. ആസ്തി രജിസ്റ്ററിലെ വിവരങ്ങൾ കാലികമാക്കി സൂക്ഷിക്കേണ്ടതും റോഡ് നിർമ്മാണ/മെയിന്റനൻസ് പണികൾ ആസ്തി രജിസ്റ്ററിലെ വിവരങ്ങൾ അനുസരിച്ച് മുൻഗണനാക്രമം പാലിച്ച് നിർവ്വഹിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

ഗുണഭോക്തൃ സമിതി വഴിയാണ് പൊതുമരാമത്ത് പ്രവൃത്തികൾ പൂർണ്ണമായും നിർവഹിച്ചിരിക്കുന്നത്. എന്നാൽ ഗുണഭോക്തൃസമിതി മാർഗ്ഗരേഖയിൽ പറഞ്ഞിരിക്കുന്ന നിബന്ധനകൾ പാലിക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്.

എസ് സി പി പ്രോജക്ടുകളുടെ നിർവഹണവും ഫണ്ട് വിനിയോഗവും കാര്യക്ഷമ മാക്കുന്നതിന് ഗ്രാമപഞ്ചായത്ത് തലത്തിൽ എസ്.സി/എസ്.റ്റി വിഭാഗക്കാരായ ജന പ്രതിനിധികളെ ഉൾപ്പെടുത്തി നിരീക്ഷണ കമ്മിറ്റികൾ രൂപീകരിച്ചിട്ടില്ല. ഇപ്രകാരം കമ്മിറ്റി രൂപീകരിക്കേണ്ടതും പദ്ധതികളുടെ നിർവഹണപുരോഗതിയും ഫണ്ടിന്റെ വിനിയോഗവും മാസം തോറും കമ്മിറ്റി ചേർന്ന് വിലയിരുത്തേണ്ടതുമാണ്.

വി.ഇ.ഒ, കൃഷി ഓഫീസർ, വെറ്ററിനറി ഡോക്ടർ എന്നിവർ നിർവഹണം നടത്തിയ വിവിധ പ്രോജക്ടുകളുമായി ബന്ധപ്പെട്ട രേഖകളുടെ പരിപാലനം അഭിനന്ദാർഹമാണ്. അസിസ്റ്റന്റ് എഞ്ചിനീയർ ക്യാഷ് ബുക്ക് പരിപാലിച്ചിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 01-12-2015 | 01-10-2015മുതൽ 30-10-2015വരെ | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 19-03-2014 മുതൽ 19-04-2014വരെ | 2008-09 മുതൽ<br>2012-13വരെ | 05-06-2014 |

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 പരസ്യനികുതി ഈടാക്കുന്നില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 209 പ്രകാരം, ഗ്രാമപഞ്ചായത്ത് അതിന്റെ അധികാര പരിധിയിൽ സ്ഥാപിച്ചിട്ടുള്ള പരസ്യങ്ങൾക്ക് ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്ന് പരസ്യനികുതി ഈടാക്കുന്നില്ല. പ്രസ്തുത വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ-12), ബൈലോയുടെ കരട് തയ്യാറാക്കി അംഗീകാരം വാങ്ങുന്നതിനുള്ള പ്രാഥമിക നടപടികൾ ആരംഭിച്ചതായി ഗ്രാമപഞ്ചായത്ത് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പരസ്യ നികുതി പിരിവ് ആരംഭിക്കുകയും അതുവഴി പഞ്ചായത്തിന്റെ തനതു വരുമാനം ഉയർത്തുവാനും അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 സ്ട്രീറ്റ് മെയിൻ ലൈൻ വലിക്കൽ പ്രോജക്ടുകൾ - ലക്ഷ്യം കൈവരിച്ചില്ല

1) പ്രോജക്റ്റ് നം. - 07/2013-14 (ജനറൽ),

അടങ്കൽ തുക - 11220 /- രൂപ (വികസന ഫണ്ട് - സാധാരണ വിഹിതം)

ഡി ഡി നം. - ഡി ഡി നം. 409428ഡി ഡി നം.തീയതി - 28.12.2013

2) പ്രോജക്റ്റ് നം. - 94/2013-14 (എസ് സി പി)

അടങ്കൽ തുക - 279180/- രൂപ (വികസന ഫണ്ട് - എസ് സി പി)

ഡി ഡി നം. - ഡി ഡി നം.503781 തീയതി - 26.03.2014

3) പ്രോജക്റ്റ് നം. - 93/2013-14 (ജനറൽ),

അടങ്കൽ തുക - 87150/- രൂപ (വികസന ഫണ്ട് - സാധാരണ വിഹിതം)

ഡി ഡി നം. - ഡി ഡി നം. 409429തീയതി - 28.12.2013

നിർവഹണോദ്യോഗസ്ഥൻ - സെക്രട്ടറി

തെരുവ് വിളക്കുകൾക്ക് മീറ്റർ ഘടിപ്പിക്കുക വഴി വൈദ്യുതി ചാർജ് ഗണ്യമായി കുറയ്ക്കുന്നതിന് മുന്നോടിയായി നടപ്പിലാക്കിയ സ്ട്രീറ്റ് മെയിൻ ലൈൻ പ്രോജക്ടുകൾക്കായി ആകെ 116330/-രൂപ(87150+29180) ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത തുകകൾ ചെലവഴിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ തെരുവ് വിളക്കുകളുടെ മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ നാളിതുവരെ പുരോഗമിച്ചിട്ടില്ല. വൈദ്യുതി ചാർജ്ജിനത്തിൽ, പ്രതിമാസം ഗ്രാമപഞ്ചായത്ത് കെ എസ് ഇ ബി-യിൽ 55601/- രൂപ അടയ്ക്കുന്നുണ്ട്.

തെരുവ് വിളക്കുകളുടെ എണ്ണം, ഇനം എന്നിവ വ്യക്തമാക്കുന്ന രജിസ്റ്റർ, തെരുവ് വിളക്കുകളുടെ സ്ഥാപിക്കലുമായി ബന്ധപ്പെട്ട പരാതികൾ, പരാതിയിന്മേൽ സ്വീകരിച്ച് നടപടികളുടെ വിവരങ്ങൾ തുടങ്ങിയവ രേഖപ്പെടുത്തുന്ന രജിസ്റ്റർ എന്നിവ പരിപാലിക്കുന്നില്ല.

### 3-2 പട്ടികജാതി വികസന വകുപ്പിൽ നിന്നും ലഭിച്ച കുടിവെള്ള പദ്ധതിപ്പണം നിഷ്ക്രിയം

2013-14 സാമ്പത്തിക വർഷം പുളിയിക്കച്ചിറ കുടിവെള്ള പദ്ധതിക്കായി പട്ടികജാതി വികസന വകുപ്പ് 24ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട് (ഡി ഡി നം.389743 തീയതി - 05.04.2012). പ്രസ്തുത പ്രവൃത്തിയ്ക്ക് 2013-14-ൽ അംഗീകാരം ലഭിച്ചെങ്കിലും, 18,46,311/- രൂപ ചെലവഴിച്ച് 2014-15- ലാണ് പദ്ധതി പൂർത്തിയാക്കിയത്. ഈയിനത്തിൽ 5,53,689/- രൂപ നാളിതുവരെ ചെലവഴിക്കാതെ തനത്ഫണ്ടിൽ നിലനിർത്തിയിട്ടുണ്ട്. പ്രസ്തുത തുക പട്ടികജാതി കോളനിയിലെ അംഗീകൃത പ്രോജക്ടിനായി ചെലവഴിക്കുകയോ, ബന്ധപ്പെട്ട വകുപ്പിലേക്ക് തിരിച്ചടയ്ക്കാൻ നടപടി സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്.

### 3-3 കാട്ടുവെട്ടുയന്ത്രം വാങ്ങൽ - പ്രോജക്റ്റ് നിർദേശം പാലിച്ചില്ല

ഗ്രാമപഞ്ചായത്തിന് കീഴിലുള്ള രണ്ട് പാടശേഖരസമിതികൾക്ക് ഓരോ കാട്ടുവെട്ടുയന്ത്രം വീതം നൽകുന്നതിനായാണ് വികസനഫണ്ടിൽനിന്നും 36000/- രൂപയും ഗുണഭോക്തൃവിഹിതമിനത്തിൽ 12000/- രൂപയും വകയിരുത്തിക്കൊണ്ട് കൃഷി ഓഫീസറുടെ നിർവഹണത്തിൽ'കാട്ടുവെട്ടുയന്ത്രം വിതരണം' എന്ന പ്രോജക്റ്റ് (പ്രോജക്റ്റ് നംപർ SOO14/14) ആവിഷ്കരിച്ചത്. പ്രസ്തുത ഉപകരണം കൃഷി ഓഫീസർ പാടശേഖരസമിതികൾക്ക് വാങ്ങി വിതരണം ചെയ്യുന്നുവെന്നാണ് പ്രോജക്ടിൽ പറഞ്ഞിരിക്കുന്നതെങ്കിലും പ്രസ്തുത ചെലവിലേക്കായി കൃഷി ഓഫീസർ ബിൽ നംപർ 2/13-14 തീയതി 15-1-14 പ്രകാരം ട്രഷറിയിൽ നിന്നും പിൻവലിച്ച 35000/- രൂപയിൽ നിന്നും 17500/- രൂപ വീതം കാട്ടുവെട്ടുയന്ത്രങ്ങൾ വാങ്ങുന്നതിനായി കവലയൂർ പാടശേഖരസമിതി സെക്രട്ടറിക്കും (ഡിഡി നംപർ 409652/16-1-2014) മണമ്പൂർ പാടശേഖരസമിതി സെക്രട്ടറിക്കും (ഡിഡി നംപർ 409653/16-1-2014) നൽകിയിരിക്കുന്നു. അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ നിന്നുള്ള 5-12-2013 ലെ 688, 689 നംപർ ഇൻവോയ്സ് പ്രകാരമാണ് പാടശേഖരസമിതികൾ കാട്ടുവെട്ടുയന്ത്രങ്ങൾ വാങ്ങിയിട്ടുള്ളത്. പ്രോജക്ടിൽ ഉപകരണങ്ങൾ കൃഷി ഓഫീസർ പാടശേഖരസമിതികൾക്ക് വാങ്ങി വിതരണം ചെയ്യുന്നുവെന്നാണ് പറഞ്ഞിരിക്കുന്നതെങ്കിലും ആയതിൽ നിന്നും വ്യതിചലിച്ച് ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള തുക പാടശേഖര സമിതികൾക്ക് നേരിട്ട് നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (നംപർ 1, തീയതി 15-02-2016) നൽകിയിരുന്നു. പ്രസ്തുത ഉപകരണത്തിന്റെ മോഡൽ കണ്ട് തെരഞ്ഞെടുക്കാൻ നിർവഹണ ഉദ്യോഗസ്ഥ പാടശേഖരസമിതി സെക്രട്ടറിയോട് ആവശ്യപ്പെട്ടതനുസരിച്ച് മുഴുവൻ തുകയും നൽകി പാടശേഖരസമിതികൾ ഉപകരണം വാങ്ങുകയാണുണ്ടായതെന്നും ആയത് മുൻകൂട്ടി അറിഞ്ഞില്ലായെന്നും മറുപടി നൽകിയിട്ടുണ്ട്. പ്രോജക്ടിലെ നിർദേശം അനുസരിച്ച് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ നിർവഹണ ഉദ്യോഗസ്ഥ ശ്രദ്ധിക്കേണ്ടതാണ്.

### 3-4 മൃഗാശുപത്രിക്ക് ഷീറ്റിടൽ - ചെയ്യാത്ത പ്രവൃത്തികൾക്ക് തുക അനുവദിച്ചു- സ്ഥലപരിശോധനയെ തുടർന്ന് പ്രവൃത്തി പൂർത്തീകരിച്ചു

പ്രോജക്റ്റ് നമ്പറും പേരും : 65/14, മൃഗാശുപത്രിക്ക് ഷീറ്റിടൽ

അടങ്കൽ തുക : 200000/- രൂപ (മെയിന്റനൻസ് ഫണ്ട് - നോൺ റോഡ്)

ചെലവ് തുക : 199672/- രൂപ

ബിൽ നമ്പരും തീയതിയും : 47/13-14 20.03.2014

എം ബുക്ക് നമ്പർ : 26/13-14

നിർവഹണോദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ

ഗുണഭോക്തൃസമിതി മുഖേന നിർവഹിച്ച പ്രവൃത്തിയിൽ ചുവടെ ചേർക്കുന്ന ഇനങ്ങൾ ചെയ്തതിന്റെ അളവുകൾ രേഖപ്പെടുത്തി ഫൈനൽ ബിൽ പ്രകാരം തുക അനുവദിച്ചിട്ടുണ്ട്. എന്നാൽ 17.02.2015- ൽ നടത്തിയ സ്ഥല പരിശോധനയിൽ പ്രസ്തുത ഇനങ്ങൾ ചെയ്തിട്ടില്ലായെന്ന് ബോധ്യപ്പെട്ടു.

| ഇനം | വിസ്തീർണ്ണം | അനുവദിച്ച തുക |
|---|---|---|
| I) Cement concreting 1:2:4 using 20mm 6/s including cost and conveyance | $0.70m^3$(11 എണ്ണം) | 5061/- |
| II) Plastering with cement mortar 1:4 , 12mm thick for walls including cost, conveyance etc. complete | $7.04m^2$ | 1329.15/- |
| അധികമായി അനുവദിച്ച തുക | | **6390.15/-** |

പരാമർശിത വിഷയത്തിന്മേൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.14 തീയതി- 17.02.2016) ലഭിച്ച മറുപടിയിൽ, പ്രസ്തുത പ്രവൃത്തി ഗുണഭോക്തൃസമിതി കൺവീനറെക്കൊണ്ട് നിർവഹിപ്പിക്കുന്നതാണെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ വ്യക്തമാക്കി. പ്രവൃത്തി പൂർണ്ണമായും നിർവഹിച്ചുവെന്ന് ഉറപ്പുവരുത്താതെ ഫൈനൽ ബിൽ വഴി തുക പിൻവലിച്ച് നൽകിയത് ക്രമപ്രകാരമല്ല.

**ഓഡിറ്റ് ഇംപാക്ട്:-**

അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചതിനെത്തുടർന്ന് 25.02.2016-ൽ ഓഡിറ്റ് ടീം വീണ്ടും നടത്തിയ സ്ഥലപരിശോധനയിൽ മേൽ പരാമർശിച്ച പ്രവൃത്തികൾ നിർവഹിച്ചതായി ബോധ്യപ്പെട്ടു.

## 3-5 അംഗണവാടി കെട്ടിട വൈദ്യുതീകരണം - ദീർഘവീക്ഷണമില്ലായ്മമൂലം പദ്ധതി ലക്ഷ്യം കണ്ടില്ല

കോട്ടപ്പുറം അംഗണവാടി (നം.60) -യിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി 2013-14 സാമ്പത്തിക വർഷത്തിൽ പ്രോജക്ട് നം.59/14 പ്രകാരം മെയിന്റനൻസ് ഫണ്ടിൽ നിന്നും (റോഡിതരം) 240000/- രൂപ വകയിരുത്തി. ഗുണഭോക്തൃസമിതി മുഖേന നിർവഹിച്ച പ്രവൃത്തികൾക്ക് (കിണർ, ചുറ്റുമതിൽ, വൈദ്യുതീകരണം) ബിൽ നം.33/13-14 തീയതി: 10.02.2014 പ്രകാരം 239185/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ വൈദ്യുതീകരണ പ്രവൃത്തികൾക്ക് ചെലവഴിച്ച 6000/- രൂപയും ഉൾപ്പെടുന്നു. 2015-16 സാമ്പത്തിക വർഷത്തിലും ഇതേ അംഗണവാടിയിൽ പ്ലമ്പിംഗിനും, മോട്ടോർ സ്ഥാപിക്കുന്നതിനുമായി പ്രോജക്ട് (സ്പിൽ ഓവർ - നം.103/16) അംഗീകരിച്ച് ഗുണഭോക്തൃസമിതി മുഖേന പ്രവൃത്തികൾ നിർവഹിച്ചിട്ടുണ്ട്. (ബിൽ മാറിയിട്ടില്ല).

അങ്കണവാടിയിൽ, പ്രോജക്ട് പ്രകാരമുള്ള പ്രവൃത്തികൾ നിർവഹിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ വൈദ്യുത കണക്ഷൻ ലഭിച്ചിട്ടില്ലായെന്ന് 17.02.2016-ൽ നടത്തിയ സ്ഥല സന്ദർശനവേളയിൽ ബോധ്യപ്പെട്ടു. കെട്ടിടത്തിന്റെ മുകളിലൂടെ വൈദ്യുത ലൈൻ കടന്നുപോകുന്നതിനാലാണ് കണക്ഷൻ ലഭ്യമാകാത്തത്. അപകടകരമായി മാറാവുന്ന തരത്തിലുള്ള പ്രസ്തുത സംവിധാനം മാറ്റി സ്ഥാപിക്കുന്നതിന് ഉചിത നടപടികൾ സ്വീകരിക്കുകയോ, വൈദ്യുത കണക്ഷൻ ലഭ്യമാകുന്നതിനുള്ള സാധ്യതകൾക്ക് പ്രഥമ പരിഗണന നൽകുകയോ ചെയ്യാതെ ദീർഘവീക്ഷണമില്ലാതെ തുടർച്ചയായി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക മാത്രമാണ് ചെയ്തത്. പ്രസ്തുത വിഷയത്തിന്മേൽ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 3-6 ഗുണഭോക്തൃസമിതി മാർഗ്ഗരേഖയ്ക്ക് അനുസൃതമായി പൊതുമരാമത്ത് പ്രവൃത്തികൾ പൂർത്തിയാക്കുന്നില്ല

2013-2014 സാമ്പത്തിക വർഷത്തിൽ പഞ്ചായത്ത് ഏറ്റെടുത്ത പൊതുമരാമത്ത് പ്രവൃത്തികൾ പൂർണ്ണമായും നടപ്പാക്കിയത് ഗുണഭോക്തൃസമിതി മുഖേനയാണ്. എന്നാൽ ഗുണഭോക്തൃസമിതി മാർഗ്ഗരേഖ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ സ്ഥാപനത്തിന് വീഴ്ച വന്നിട്ടുണ്ട്.

ഗുണഭോക്തൃ സമിതി മാർഗ്ഗരേഖ 1999 -ൽ അനുശാസിക്കും പ്രകാരം, പല പൊതുമരാമത്ത് പ്രവൃത്തികളുടെയും ഗുണഭോക്തൃസമിതി തെരഞ്ഞെടുപ്പിൽ മൂന്നിലൊന്ന് വനിതകളെ അംഗങ്ങളായി തെരഞ്ഞെടുത്തിട്ടില്ല. കൺവീനറെപോലും തെരഞ്ഞടുക്കാതെ പ്രവൃത്തികൾ ഏറ്റെടുത്തു (ഉദാ:- കുന്നുവിള ആണ്ടുവിള റോഡ് റീ ടാറിംഗ് 40/14). ഒരു പ്രവൃത്തികളിലും തെരഞ്ഞെടുക്കപ്പെട്ട കൺവീനർമാർ/ചെയർമാൻമാർ അതത് വാർഡുകളിൽപ്പെട്ടവരാണെന്ന് തെളിയിക്കുന്ന തിരിച്ചറിയൽ രേഖകൾ ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തിയുടെ നിർവഹണഘട്ടത്തിൽ ഒരു പ്രാവശ്യം പോലും ഗുണഭോക്തൃ സമിതി യോഗം ചേർന്ന് പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തുകയോ, ചെലവ് വൗച്ചറുകൾ പാസ്സാക്കുകയോ, ഭാവി നടപടികൾ ചർച്ച ചെയ്ത് തീരുമാനിക്കുകയോ, യോഗതീരുമാനങ്ങൾ മിനിട്സിൽ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. വരവ്-ചെലവ് കണക്കുകൾ സമിതി പരിശോധിച്ച് അംഗീകരിച്ചതുമായി ബന്ധപ്പെട്ട രേഖകൾ, കൺവീനർ സൂക്ഷിക്കേണ്ട ദൈനംദിന ഡയറി എന്നിവ സൂക്ഷിച്ചിട്ടുമില്ല. (ഉദാ:- മലവിളപൊയ്ക - മിഷൻ കോളനി റോഡ് റീടാറിംഗ് 48/14, ഞാറവിള- ചെക്കാലക്കോണം റോഡ് റീടാറിംഗ്- 44/14).

ഗുണഭോക്തൃസമിതി അംഗങ്ങൾ പഞ്ചായത്തുമായി കരാറിലേർപ്പെടാതെ പ്രവൃത്തി നിർവഹിച്ചിട്ടുണ്ട് (ഉദാ:- കവലയൂർ ടെലിഫോൺ എക്സ്ചേഞ്ച് റോഡ് കോൺക്രീറ്റിംഗ് 69/14). സ്ഥലം കൈമാറിയ ദിവസം, പ്രവൃത്തി പൂർത്തിയാക്കിയത് തുടങ്ങിയ വിവരങ്ങളും ലഭ്യമല്ല.

ചെലവ് രേഖകളുമായി ബന്ധപ്പെട്ട് ആധികാരികത ഉറപ്പാക്കുന്നതിനാവശ്യമായ മസ്റ്റർ റോൾ, നിർമാണ സാധനസാമഗ്രികൾ വാങ്ങിയതിന്റെ ക്യാഷ് ബില്ലുകൾ , ക്വട്ടേഷനുകൾ, കൈപ്പറ്റ് രസീതുകൾ തുടങ്ങിയവ ഭൂരിഭാഗം പ്രോജക്ടുകൾക്കൊപ്പവും ലഭ്യമല്ല. ഞാറവിള ചെക്കാലക്കോണം റോഡ് റീടാറിംഗ് (44/14) എന്ന പ്രവൃത്തിയിൽ , മസ്റ്റർ റോളിൽ തൊളിലാളികളുടെ പേര് രേഖപ്പെടുത്തിയിട്ടില്ല. പ്രവൃത്തി മൂല്യനിർണ്ണയത്തിനുശേഷം എം. ബുക്കിൽ മെമ്മൊറാണ്ടം ഓഫ് പേയ്മെന്റ് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ഗുണഭോക്തൃ സമിതിമാർഗ്ഗരേഖയിൽ അനുശാസിക്കും പ്രകാരം പണമിടപാടുകൾക്ക് ഗുണഭോക്തൃ സമിതി കൺവീനർ, ചെയർമാൻ എന്നിവരുടെ പേരിൽ സംയുക്ത ബാങ്ക് അക്കൗണ്ട് എടുത്തിട്ടില്ല. മോണിട്ടറിംഗ് കമ്മിറ്റിയുടെ പരിശോധന റിപ്പോർട്ടില്ലാതെയാണ് ഫൈനൽ ബില്ലുകൾ അംഗീകരിച്ചിട്ടുള്ളത്.

പരാമർശിത വിഷയത്തിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.5തീയതി-15.02.2016) ലഭിച്ച മറുപടി തൃപ്തികരമല്ല. ഗുണഭോക്തൃസമിതി മാർഗ്ഗരേഖ അനുശാസിക്കും വിധമാണ് പ്രവൃത്തികൾ നടപ്പാകുന്നതെന്ന് നിർവഹണോദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതാണ്.

## 3-7 മരാമത്ത് പ്രവൃത്തികൾ - പൊതു അപാകതകൾ

2013-14 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവഹണവുമായി ബന്ധപ്പെട്ട പൊതു അപാകതകൾ ചുവടെ ചേർക്കുന്നു.

1) സ.ഉ (എം.എസ്) നം.168/2012/തസ്വഭവ തീയതി 15.06.2012 ഖ.11.3(X) എ-യിൽ നിർദ്ദേശിക്കും പ്രകാരം മെയിന്റനൻസ് ഫണ്ടും തനത് ഫണ്ടും ഉൾപ്പെടുത്തി പഞ്ചായത്തിന്റെ റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിനായി പ്രത്യേക മെയിന്റനൻസ് പ്ലാൻ തയ്യാറാക്കിയിട്ടില്ല.

2) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

3) പ്രത്യേകം മോണിട്ടറിംഗ് സമിതി കൃത്യമായി യോഗം ചേർന്ന് മിനിട്സ് തയ്യാറാക്കുകയോ റിപ്പോർട്ടുകൾ തയ്യാറാക്കുകയോ ചെയ്യുന്നില്ല.

4) നിർവഹണോദ്യോഗസ്ഥൻ അവലോകനറിപ്പോർട്ടുകൾ തയ്യാറാക്കി സമർപ്പിക്കുന്നില്ല.

5) 16.01.2010-ലെ സ.ഉ(സാധാ)165/2010/ തസ്വഭവ പ്രകാരം, തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സംരക്ഷണയിലുള്ള റോഡുകളുടെ പേര് സൂചിപ്പിക്കുന്ന ബോർഡ്, കൃത്യമായ ദൂരം കാണിക്കുന്ന കിലോമീറ്റർ, ഹെക്ടോമീറ്റർ കല്ലുകൾ സ്ഥാപിക്കേണ്ടതാണെങ്കിലും ആയത് സ്ഥാപിച്ചിട്ടില്ല.

## 3-8 വേനൽക്കാല കുടിവെള്ള വിതരണം - തുടരന്വേഷണം അനിവാര്യം

മണമ്പൂർ ഗ്രാമപഞ്ചായത്തിൽ 2013 ലെ വേനൽക്കാലത്ത് അനുഭവപ്പെട്ട രൂക്ഷമായ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി ചിറയിൻകീഴ് തഹസിൽദാരുടെ 2-3-2014 ലെ ഡി. 7-58276 / 11 നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിന്റെ പരിധിയിലുള്ള വിവിധ വാർഡുകളിൽ ടാങ്കർ ലോറികളിൽ കുടിവെള്ളം വിതരണം ചെയ്യുകയുണ്ടായി. പ്രസ്തുത ഇനത്തിൽ 12,56,590 രൂപ ചിറയിൻകീഴ് തഹസിൽദാരിൽ നിന്നും ലഭ്യമായി.

പഞ്ചായത്ത് ഫണ്ടിൽ നിന്നും മുൻകൂർ പണം പിൻവലിച്ച് കേരള ജല അതോറിറ്റിയിൽ ഒടുക്കിയാണ് വിതരണം ചെയ്യുവാനുള്ള ജലം ലഭ്യമാക്കിയത്. റവന്യൂ വകുപ്പിൽ നിന്നും ഇക ലഭിക്കുന്ന മുറക്ക് ആയത് തിരിച്ചടയ്ക്കും. കുടിവെള്ളത്തിന്റെ വിലയായി തനത് ഫണ്ടിൽനിന്നും അടവാക്കിയ 85,200/- രൂപ, റവന്യൂ വകുപ്പിൽ നിന്നും ലഭിച്ച മുറയ്ക്ക് റീക്കുപ്പ് ചെയ്തിട്ടുണ്ട്.

മൂന്ന് ടാങ്കർ ലോറികളിലാണ് കുടിവെള്ള വിതരണം നടത്തിയത് ( കെ.എൽ. 03 ഇ. 8613, കെ.എൽ. 22-2452, കെ.എൽ.ന02.എ.എഫ് 2417). ട്രിപ്പൊന്നിന് 2200/- രൂപ ക്രമത്തിൽ 531 ട്രിപ്പുകളായാണ് കുടിവെള്ളം വിതരണം ചെയ്തത്. ക്വട്ടേഷൻ ക്ഷണിച്ച് ടാങ്കർ ലോറികളെ തെരഞ്ഞെടുത്തതിന്റെയോ, ഇത് സംബന്ധിച്ച് പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തതിന്റെയോ രേഖകളൊന്നും ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് അന്വേഷണക്കുറിപ്പ്- 07/2016 തീയതി 16.02.2016). ചെലവുകളുമായി ബന്ധപ്പെട്ട ആധികാരിക രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ, ഈ വിഷയത്തിൽ തുടർ അന്വേഷണത്തിന് ശുപാർശ ചെയ്യുന്നു.

## 3-9 വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനം തൃപ്തികരമല്ല

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ പ്രകാരം പദ്ധതി ആസൂത്രണത്തിന്, വിഷയമേഖലയ്ക്ക് അനുസൃതമായി വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിക്കേണ്ടതും പ്രസ്തു വർക്കിംഗ് ഗ്രൂപ്പുകൾ ഭരണസമിതിയുടെയും വിഷയ ചുമതലയുള്ള സ്റ്റാൻഡിംഗ് കമ്മിറ്റികളുടെയും നിയന്ത്രണത്തിലുമായിരിക്കേണ്ടതുമാണ്. കൂടാതെ ഒരു വർക്കിംഗ് ഗ്രൂപ്പിൽ മിനിമം ഏഴ് അംഗങ്ങൾ ഉണ്ടാകണമെന്നും മൂന്നിലൊന്ന് അംഗങ്ങൾ വനിതകളായിരിക്കണമെന്നും നിഷ്കർഷിക്കുന്നു. എന്നാൽ മണമ്പൂർ ഗ്രാമപഞ്ചായത്തിലെ വർക്കിംഗ് ഗ്രൂ മിനിട്സ് പരിശോധിച്ചതിൽ, വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം മാർഗ്ഗരേഖാനുസൃതമല്ലെന്ന് കണ്ടു. 2013-14 സാമ്പത്തിക വർഷത്തിൽ പല വർക്കിംഗ് ഗ്രൂപ്പുകളും ഒ പ്രാവശ്യം മാത്രമേ ചേർന്നിട്ടുള്ളൂ.മിനിട്സ് അപൂർണ്ണവും ഹാജർനില ശുഷ്കവുമാണ്. മാർഗ്ഗരേഖയിൽ അനുശാസിക്കും വിധം വർക്കിംഗ് ഗ്രൂപ്പുകൾ സംഘടിപ്പി പ്രവർത്തനക്ഷമമാക്കാൻ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 3-10 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി -അവലോകനം.

2013-14സാമ്പത്തിക വർഷത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം വിവിധ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി 86 എസ്റ്റിമേറ്റുകൾ തയ്യാറാക്കി. 837 കുടുംബങ്ങൾ വ്യക്തിഗതമായും കൂട്ടമായും തൊഴിൽ ആവശ്യപ്പെട്ടിട്ടുണ്ട്. ലഭ്യമായ തൊഴിൽ അപേക്ഷകളുടെ അടിസ്ഥാനത്തിൽ തൊഴിലാളി ഗ്രൂപ്പുകൾ രൂപീകരിച്ച് കൺവീനർമാരെ തെരഞ്ഞെടുക്കുകയും, ഓരോ തൊഴിലാളി ഗ്രൂപ്പിലും പരമാവധി അംഗങ്ങളെ ഉൾപ്പെടുത്തിയുമാണ് പ്രവൃത്തികൾ നടപ്പാക്കിയത്. 553 കുടുംബങ്ങൾക്ക് 100 ദിവസത്തെ തൊഴിൽ ലഭിച്ചു. 80 കുടുംബങ്ങൾ 70 ദിവസത്തിൽ കൂടുതൽ പ്രവൃത്തി ചെയ്തിട്ടുണ്ട്. ഒരു കുടുംബത്തിന് ശരാശരി 83 തൊഴിൽ ദിനങ്ങളാണ് ലഭിച്ചത്. ഓരോ തൊഴിലാളി ഗ്രൂപ്പിലും പരമാവധി 20 അംഗങ്ങളെ ഉൾപ്പെടുത്തിയിട്ടുണ്ട്.

പരമ്പരാഗത ജല സ്രോതസ്സുകളുടെ നവീകരണം എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി ഗ്രാമപഞ്ചായത്തുപരിധിയിലെ വിവിധ ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം ഉൾപ്പെടെയുള്ള നവീകരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

## 3-11 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ക്ഷേമ പെൻഷൻ വിതരണം സംബന്ധിച്ച പ്രത്യേക അവലോകനം (01.02.2015 മുതൽ 15.02.2016 വരെ )

മണമ്പൂർ ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള ഗുണഭോക്താക്കൾക്ക് 01.02.2015 മുതൽ 15.02.2016 വരെ ക്ഷേമപെൻഷൻ വിതരണം ചെയ്തതുമായി ബന്ധപ്പെട്ട്, പുതുതായി ലഭ്യമായ വാർദ്ധക്യകാല പെൻഷനുള്ള അപേക്ഷകൾ ഒഴികെയുള്ളവ തീർപ്പാക്കുന്നതിൽ ആറുമാസത്തിലധിമായി കാലതാമസം വന്നിട്ടില്ല. തീർപ്പാക്കാൻ അവശേഷിക്കുന്ന വാർദ്ധക്യകാല പെൻഷനുള്ള 205അപേക്ഷകളിൽ 30 എണ്ണം അന്വഷണത്തിന് കൈമാറാത്തവയാണ്. ആറുമാസത്തിൽ താഴെ കാലയളവിൽ ലഭിച്ച 6വിധവാ പെൻഷൻ, 3വികലാംഗ പെൻഷൻ അപേക്ഷകൾ അന്വേഷണത്തിന് കൈമാറിയിട്ടില്ല. അധിക വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**പെൻഷൻ അപേക്ഷകൾ തീർപ്പാക്കുന്നതിലെ കാലതാമസം (01.02.2015 മുതൽ 15.02.2016 വരെ)**

| ക്ഷേമ പെൻഷൻ | നിലവിലുള്ള ഗുണഭോക്താ ക്കളുടെ എണ്ണം (15.02.2016-ലെ) | 2015-16 വർഷത്തിനിടയിൽ ലഭിച്ച പുതിയ അപേക്ഷകളുടെ എണ്ണം | 2015-16 വർഷത്തിനിടയിൽ ലഭിച്ച പുതിയ അപേക്ഷകളിൽ തീർപ്പാക്കിയവ<br><br>യുടെ എണ്ണം | തീർപ്പാക്കാത്തവയിൽ ആറുമാസം മുമ്പ് ലഭിച്ച അപേക്ഷകളുടെ എണ്ണം | 2-3 വർഷമായി തീർപ്പാക്കാൻ അവശേഷിക്കുന്ന അപേക്ഷ കളുടെ എണ്ണം |
|---|---|---|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 199 | 4 | 2 | 0 | 0 |
| വിധവ പെൻഷൻ | 990 | 62 | 56 | 0 | 0 |

| | | | | | |
|---|---|---|---|---|---|
| അഗതി പെൻഷൻ | 16 | 1 | 1 | 0 | 0 |
| വാർദ്ധക്യകാല പെൻഷൻ | 1135 | 341 | 106 | 205 | 0 |
| വികലാംഗ പെൻഷൻ | 278 | 13 | 10 | 0 | 0 |

**പെൻഷൻ വിതരണ വിവരങ്ങൾ (01.02.2015 മുതൽ 15.02.2016 വരെ)**

| ക്ഷേമ പെൻഷൻ | ഗുണ ഭോക്താക്കളുടെ എണ്ണം | ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്യുന്നവയുടെ എണ്ണം | പോസ്റ്റ് ഓഫീസ് സേവിംഗ്സ് ബാങ്ക് വഴി വിതരണം ചെയ്യുന്നവയുടെ എണ്ണം | ഇ- മണി ഓർഡർ വഴി നൽകുന്നത് | പെൻഷൻ തുക കൃത്യമായി കൈമാറിയ ഗുണഭോക്താക്കളുടെ എണ്ണം (2014-15) | പെൻഷൻ തുക കൈമാറാൻ കാലതാമസം വന്നവയുടെ എണ്ണം* | നാളിതു വരെ കൈമാറാത്തവയുടെ എണ്ണം | നൽകിയതിൽ കൈപ്പ റ്റാതെ തിരി കെ വന്ന തിന്റെ വിവരം |
|---|---|---|---|---|---|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 191 | 19 | 171 | 1 | 191 | 177 | 2015-16 മുതൽ പെൻഷൻവിതരണം ഡി ബി റ്റി സമ്പ്രദായത്തിലേയ്ക്ക് മാറ്റിയതിനാൽ കൈമാറാത്തവയുടെയും കൈപ്പറ്റാതെ തിരികെ വന്നവയുടെയും വിവരങ്ങൾ ആധികാരികമായി കണക്കാക്കാൻ കഴിയുകയില്ല. | |
| വിധവ പെൻഷൻ | 970 | 167 | 802 | 1 | 970 | 826 | | |
| അഗതി പെൻഷൻ | 16 | 2 | 14 | 0 | 16 | 14 | | |
| വാർദ്ധക്യ കാല പെൻഷൻ | 1115 | 468 | 640 | 7 | 466 | 649 | | |
| വികലാംഗ പെൻഷൻ | 276 | 37 | 234 | 5 | 276 | 235 | | |

*2014-15 സാമ്പത്തിക വർഷത്തിൽ വിവിധ ക്ഷേമപെൻഷനുകൾ ഭൂരിഭാഗം ഗുണഭോക്താക്കളും പോസ്റ്റ് ഓഫീസ് സേവിംഗ്സ് ബാങ്ക് വഴിയാണ് കൈപ്പറ്റിയിരുന്നത്. ആയതിനാൽ പെൻഷൻ തുക കൃത്യമായി ഗുണഭോക്താക്കൾക്ക് കൈമാറാൻ കഴിഞ്ഞിരുന്നു. എന്നാൽ ഡി.ബി.റ്റി. സമ്പ്രദായത്തിലേയ്ക്ക് മാറിയതനുസരിച്ച് യഥാസമയം ഗുണഭോക്താക്കളുടെ ഭാഗത്തുനിന്നും നടപടികൾ പൂർത്തിയാക്കുന്നതിനും ഗ്രാമപഞ്ചായത്തിൽ ഡാറ്റാ എൻട്രി വരുത്തുന്നതിനും കാലതാമസം നേരിട്ടതിനാൽ 2015-16 കാലയളവിൽ പെൻഷൻ തുക കൈമാറാൻ കാലതാമസം നേരിട്ടിട്ടുണ്ട്.

പുതുതായി ഏർപ്പെടുത്തിയ പെൻഷൻവിതരണ രീതിയിലൂടെ (ഡി ബി റ്റി മുഖേന പെൻഷൻ വിതരണം ചെയ്യുന്നതിന്റെ ഫലമായി സ്വന്തമായി വീടില്ലാത്തതും, ശാരീരികമായി ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നവർക്കും പെൻഷൻ തുക കൈപ്പറ്റുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകൾ നേരിടുന്നതായി ഗ്രാമപഞ്ചായത്ത് അധികൃതർ വിശദീകരിച്ചു.

## 3-12 വിഷയാധിഷ്ഠിത അവലോകനം -തനത് വരുമാനം

തനതു വരവിനങ്ങളായ തൊഴിൽ നികുതി, ഡി & ഒ ലൈസൻസ്, ഷോപ്പിംഗ് കോംപ്ലക്സ് വാടക, ലേലം, കെട്ടിട നികുതി, പരസ്യ നികുതി, വിനോദ നികുതി, മറ്റു തനത് വരവിനങ്ങൾ എന്നിവയുടെ നിർണ്ണയം, ഈടാക്കൽ എന്നിവ സംബന്ധിച്ച അവലോകനം ചുവടെ ചേർക്കുന്നു.

1. **തനത് വരവിനത്തിൽ 2012-13, 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിൽ ഈടാക്കിയ തുക**

| വർഷം | തൊഴിൽ നികുതി (വ്യക്തി) | ഡി&ഒ ലൈസൻസ് ഫീ | മാർക്കറ്റ് ലേലം | ഷോപ്പിംഗ് കോംപ്ലക്സ് വാടക | വിനോദ നികുതി | തൊഴിൽ നികുതി (സ്ഥാപനം) | മറ്റുള്ളവ |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| 2012-13 | 290450 | 40570 | - | - | - | 423103 | - |
| 2013-14 | 684990 | 54380 | - | - | - | 166140 | - |
| 2014-15 | 773640 | 54150 | - | - | - | 179120 | - |

**2. <u>തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ തൊഴിൽ നികുതി നിർണ്ണയം</u>**

*(ഗ്രാമപഞ്ചായത്തുകളിൽ 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 204,205 വകുപ്പുകൾ, അവയുടെ കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങൾ എന്നിവ പ്രകാരം തൊഴിൽ നികുതി ചുമത്തൽ, നിർണ്ണയം, പിരിവ് എന്നിവ സംബന്ധിച്ച അവലോകനം).*

**(എ) തൊഴിൽ നികുതിയിനത്തിൽ 2012-13, 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിൽ ഈടാക്കിയ തുകയുടെ വിശദാംശം)**

| വർഷം | വ്യക്തഗത തൊഴിൽ നികുതി | സ്ഥാപന നികുതി | ആകെ ഡി.സി.ബി വരവ് | തൊഴിൽ നികുതി ആകെ നികുതിയുടെ എത്ര ശതമാനം. |
|---|---|---|---|---|
| 2012-13 | 290450 | 423103 | 1731475 | 41.21 |
| 2013-14 | 684990 | 166140 | 2315996 | 36.75 |
| 2014-15 | 773640 | 179120 | 3530086 | 26.99 |

**(ബി) തൊഴിൽ നികുതിയിനത്തിൽ ഈടാക്കാൻ അവശേഷിക്കുന്നതു (സ്ഥാപനത്തിന്റെ രജിസ്റ്റർ/സോഫ്റ്റ് വെയർ പ്രകാരം)**

| വർഷം | വ്യക്തഗതം | സ്ഥാപന നികുതി |
|---|---|---|
| 2012-13 | ഇല്ല | 34230 |
| 2013-14 | ഇല്ല | 14070 |
| 2014-15 | ഇല്ല | 6250 |

**(സി) <u>ജീവനക്കാരുടെ നികുതി ചുമത്തുന്നത്</u>**

സ്ഥാപനങ്ങളുടെയും ഓഫീസുകളുടെയും വിശദാംശം ഉൾക്കൊള്ളുന്ന രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ട്. ഡി & ഒ ലൈസൻസിനൊപ്പം തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്. ആയര തൊഴിൽ നികുതിയിനത്തിലെ വരുമാനമായി ഉൾക്കൊള്ളിക്കുന്നുണ്ട്. വിവരം രജിസ്റ്ററിൽ ഉൾകൊള്ളിച്ചിട്ടുണ്ട്. തൊഴിലുറപ്പ് ജീവനക്കാർ, കരാർ - ദിവന വേതനാടിസ്ഥാനത്തിൽ ജോലിചെയ്യുന്നവർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നുണ്ട്. എന്നാൽ അഭിഭാഷകർ, വിമുക്തഭടൻമാർ, കരാറുകാർ, ടൂർ ഓപ്പറേറ്റർമാ തുടങ്ങിയവരിൽ നിന്ന് നികുതി ഈടാക്കിയിട്ടില്ല. വാഹന ഉടമകൾക്കും നികുതി ചുമത്തിയിട്ടില്ല.

നികുതി ഈടാക്കുന്നതിന് യഥാസമയം നോട്ടീസ് നൽകുന്നുണ്ട്. എല്ലാ സ്ഥാപനങ്ങളിലെയും ജീവനക്കാർക്കും നിർദ്ദിഷ്ടമാതൃകയിലുള്ള പത്രികയിലാണ് തൊഴിൽ നികുത റിട്ടേൺ സമർപ്പിക്കുന്നത്.

**(ഡി) <u>കമ്പനികളുടെയും ഉദ്യോഗസ്ഥരല്ലാത്ത വ്യക്തികളെയും (സ്ഥാപനം നടത്തുന്ന) നികുതി ചുമത്തുന്നത് (സ്ഥാപന തൊഴിൽ നികുതി).</u>**

തൊഴിൽ നികുതി നൽകുവാൻ ബാധ്യസ്ഥരായ കമ്പനികളുടെ/വ്യക്തിഗത സ്ഥാപനങ്ങളുടെയും പട്ടിക സൂക്ഷിച്ചിട്ടുണ്ട്. വ്യാപാരികളിൽ നിന്നും നികുതി ഈടാക്കിയിട്ടുണ്ട്.

**<u>3.തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അധീനതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകളുടെ പ്രവർത്തനങ്ങളും അതിൽ നിന്നുള്ള വിഭവസമാഹരണവും.</u>**

ഗ്രാമപഞ്ചായത്തിന് സ്വന്തമായി ഷോപ്പിംഗ് കോംപ്ലക്സില്ല.

**<u>4.മാർക്കറ്റ് ലേലം</u>**

ഗ്രാമപഞ്ചായത്തിന് സ്വന്തമായി മാർക്കറ്റുകൾ ഇല്ല. സ്വകാര്യമാർക്കറ്റുകൾ അനധികൃതമായി പ്രവർത്തിക്കുന്നില്ല.

**5.<u>ഡി&ഒ ലൈസൻസ്</u>**

| വർഷം | തുക |
|---|---|
| 2012-2013 | 46000 |
| 2013-2014 | 48202 |

| | |
|---|---|
| 2014-2015 | 68931 |

ഡി&ഒ അപേക്ഷകളിന്മേൽ യഥാസമയം അന്വേഷണം നടത്തുകയും തീർപ്പ് കൽപിക്കുകയും ചെയ്തിട്ടുണ്ട്. സ്ഥലനാമം, പ്ലാസ്റ്റിക് ക്യാരിബാഗ് എന്നിവ സംബന്ധിച്ച നിർദ്ദേശങ്ങൾ പാലിച്ചിട്ടുണ്ട്. റേഷൻകടകൾ ലൈസൻസ് എടുത്തിട്ടില്ല. ഡി&ഒ രജിസ്റ്ററിന്റെ പരിപാലനം തൃപ്തികരമാണ്.

**6.<u>കെട്ടിട നിർമ്മാണ പെർമിറ്റ്</u>**

**(എ) പെർമിറ്റ് ഫീ ഇനത്തിൽ ഈടാക്കിയ തുക (ക്രമവത്കരണമുൾപ്പെടെ)**

| വർഷം | തുക |
|---|---|
| 2012-2013 | 2022 |
| 2013-2014 | 22451 |
| 2014-2015 | 110004 |

അപേക്ഷകളിന്മേൽ യഥാസമയം തീർപ്പ് കൽപിച്ചിട്ടുണ്ട്. റോഡ്, കനാൽ എന്നിവ കയ്യേറിയുള്ള നിർമ്മാണങ്ങളൊന്നും നടത്തിയിട്ടില്ല.

**7. <u>കെട്ടിട നികുതി</u>**

**<u>(വരവ് സംബന്ധിച്ച വിശദാംശം)</u>**

| വർഷം | തുക |
|---|---|
| 2012-13 | 798621 |
| 2013-14 | 1141986 |
| 2014-15 | 2038383 |

നികുതി വർദ്ധനവിന്റെയും, വർദ്ധിപ്പിച്ച നികുതി ഇളവ് വരുത്തിയതിന്റെയും അടിസ്ഥാനത്തിൽ അരിയർ- ഡിമാന്റ് തയ്യാറാക്കാൻ കഴിഞ്ഞിട്ടില്ല.

**<u>8. പരസ്യ നികുതി</u>**

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പരസ്യബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ പരസ്യനികുതി ഈടാക്കുന്നതിനുള്ള ബൈലോ തയ്യാറാക്കുകയോ നികുതി പിരിവ് ലേലം ചെയ്ത് നൽകുകയോ ചെയ്തിട്ടില്ല.

# <u>ഭാഗം -4</u>

# <u>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും</u>

# <u>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും</u>

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഇല്ല | | | | | |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ തുക നൽകിയിട്ടില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

| ക്രമ നം | കൺവീനറുടെ പേര് | പ്രവൃത്തിയുടെ പേര് | ബിൽ/ വൗച്ചർ നം/ ചെക്ക് നം | തുക | അഡ്ജസ്റ്റ് ചെയ്തത് | ബാക്കി |
|---|---|---|---|---|---|---|
| ഇല്ല | | | | | | |

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരി ച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാ നം തിരിച്ചട യ്ക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എ.എസ്. ഭവന പദ്ധതി | സ.ഉ(ആർ.റ്റി) നം 275/2010/ തസ്വഭവ, തീയതി. 27/10/2010 | 13648500 | 9176850/- | 1490550 | - | 7316803/- |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ തിയതി |
|---|---|---|---|---|
| ഇല്ല | | | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2007-2008 | 3.10 | 2009-10 | 3.7.1 | കൊടിളുക്കിക്കുന്ന് കുടിവെള്ള പദ്ധതി | നിയമസഭാസമിതിയുടെ പരിഗണന യിൽ. പദ്ധതി പൂർണ്ണമായും പൂർത്തിയാക്കി. |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 7,59,38,191/- (റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട് പ്രകാരം) |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 6,04,10,685/- (റസീപ്റ്റ് ആന്റ് പേയ്മെന്റ് പത്രിക പ്രകാരം) |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| ഇല്ല | | | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

ഇല്ല

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

<u>(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഇല്ല | | |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2001-02 | നം.എൽ എഫ് റ്റിഡി- ജി പി 9/723/2003 തീയതി - 23.07.2014 | 2 | |
| 2003-04 | നം.എൽ എഫ് റ്റിഡി- ജി പി 9/72/2005 തീയതി - 23.07.2014 | 1 | |
| 2004-05 | നം.എൽ എഫ് റ്റിഡി- ജി പി 7/917/2008തീയതി - 23.07.2014 | 3 | |
| 2006-07 | നം.എൽ എഫ് റ്റിഡി- ജി പി 7/1960/2008 തീയതി - 23.07.2014 | 3 | |
| 2007-08 | നം.എൽ എഫ് റ്റിഡി- ജി പി 7/988/2009 തീയതി - 23.07.2014 | 5 | |
| 2008-09 | നം.എൽ എഫ് റ്റിഡി- ജി പി 7/2271/2011തീയതി - 23.07.2014 | 7 | |
| 2009-10 | നം.കെ എസ് എ റ്റിവിഎം- ജി പി 7/2272/2015 തീയതി - 11.08.2015 | 3 | |
| 2010-11 | നം.എൽ എഫ് റ്റിഡി- ജി പി 7/732/2015 തീയതി - 15.06.2015 | 4 | |
| 2011-12 | നം.എൽ എഫ് റ്റിഡി- ജി പി 7/1545/2013തീയതി - 27.10.2014 | 4 | |
| 2012-13 | നം.കെ എസ് എ റ്റിവിഎം- ജി പി 7/2608/2014 തീയതി - 05.11.2015 | 8 | |

ഒപ്പ്

**ഡെപ്യൂട്ടി ഡയറക്ടർ**

**സംസ്ഥാന ഓഡിറ്റ് വകുപ്പ്**

രാജ് 19.03.2016

<u>അനുബന്ധം-1</u>

<u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് (4)-1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-വകുപ്പ് അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും **മണമ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2013-14** സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ വിശദീകരിച്ചിട്ടുള്ളതു പോലെ വാർഷിക ധനകാര്യ പത്രിക, **മണമ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2013-14** സാമ്പത്തികവർഷത്തെ വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു. ഇത് തയ്യാറാക്കിയത് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-വകുപ്പും 2003ജൂൺ 12-ലെ നമ്പർ:3-19/2003/ധന, തിയതി:12.06.2003 ഉത്തരവും അനുസരിച്ചാണ്.

ꀀ

ഒപ്പ്

**ഡെപ്യൂട്ടി ഡയറക്ടർ**
**സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**അനുബന്ധം**

**ന്യൂനതകളുടെ സംഗ്രഹം**

ഒപ്പ്

**ഡെപ്യൂട്ടി ഡയറക്ടർ**
**സംസ്ഥാന ഓഡിറ്റ് വകുപ്പ്**